**പതിമൂന്നാം കേരള നിയമസഭ**
**പതിമൂന്നാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം. 3149

23/03/2015-ൽ മറുപടിയ്ക്ക്

## പ്ലാന്റേഷൻ കോർപ്പറേഷനിലെ ടാപ്പിംങ് സൂപ്പർവൈസർ തസ്തികകൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. ജോസ് തെറ്റയിൽ | | ശ്രീ.കെ.പി.മോഹനൻ (കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) | |
| എ) | പ്ലാന്റേഷൻ കോർപ്പറേഷൻ ഓഫ് കേരളയിലെ അനുവദിക്കപ്പെട്ടിട്ടുള്ള ടാപ്പിംങ് സൂപ്പർവൈസർമാരുടെ തസ്തികകൾ എത്രയാണെന്നും എത്ര തസ്തികകൾ ഒഴിഞ്ഞു കിടക്കുന്നുവെന്നും വ്യക്തമാക്കാമോ; | എ) | പ്ലാന്റേഷൻ കോർപ്പറേഷൻ ഓഫ് കേരളയിൽ 99 ടാപ്പിംഗ് സൂപ്പർവൈസർ തസ്തികകൾ അനുവദിച്ചിട്ടുണ്ട്. ഇതിൽ 47 തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നു. |
| ബി) | ഈ തസ്തികകളിലെ നിയമനത്തിനായി 2005 ൽ അപേക്ഷ ക്ഷണിച്ച് നടത്തിയ പരിക്ഷയുടെ അടിസ്ഥാനത്തിൽ റാങ്ക് ലിസ്റ്റ് എന്നാണ് പ്രസിദ്ധീകരിച്ചതെന്നും ഈ റാങ്ക് ലിസ്റ്റിൽ നിന്നും എത്ര പേർക്ക് നിയമനം നൽകിയിട്ടുണ്ടെന്നും അറിയുമോ; | ബി) | ടാപ്പിംഗ് സൂപ്പർവൈസർമാരുടെ റാങ്ക് ലിസ്റ്റ് 30.03.2007- ലാണ് പ്രസിദ്ധീകരിച്ചത് . ഈ റാങ്ക് ലിസ്റ്റിൽ നിന്നും 2 പേർക്കാണ് നിയമനം നൽകിയിട്ടുള്ളത്. |
| സി) | പ്ലാന്റേഷൻ കോർപ്പറേഷനിൽ നിലവിൽ എത്ര പേർ കരാറടിസ്ഥാനത്തിൽ പ്രവർത്തിക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ; | സി) | പ്ലാന്റേഷൻ കോർപ്പറേഷന്റെ കാലടിഗ്രൂപ്പിൽ കരാർ അടിസ്ഥാനത്തിൽ 8 ടാപ്പിംഗ് സൂപ്പർവൈസർമാർ ജോലിചെയ്യുന്നു. |
| ഡി) | കാലടി പ്ലാന്റേഷനിൽ ഒഴിഞ്ഞു കിടക്കുന്ന തസ്തികകൾ എത്രയെന്നും പ്രസ്തുത തസ്തികയിൽ കരാറടിസ്ഥാനത്തിൽ എത്ര പേർ പ്രവർത്തിക്കുന്നുണ്ടെന്നും വ്യക്തമാക്കാമോ; | ഡി) | ബഹു. ഹൈക്കോടതിയുടെ ഉത്തരവനുസരിച്ച് 30.03.2009 വരെ കാലടി ഗ്രൂപ്പിൽ 15 ടാപ്പിംഗ് സൂപ്പർ വൈസറുടെ ഒഴിവുകൾ കണക്കാക്കിയിട്ടുണ്ട്. ഇവിടെ 8 ടാപ്പിംഗ് സൂപ്പർവൈസർമാർ കരാറടിസ്ഥാനത്തിൽ ജോലി ചെയ്യുന്നു. |

| | | | |
|---|---|---|---|
| ഇ) | ഒഴിഞ്ഞുകിടക്കുന്ന തസ്തികകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ടോയെന്നും ഇല്ലെങ്കിൽ ഇതിനുള്ള കാരണമെന്തെന്നും വ്യക്തമാക്കാമോ; | ഇ) | പ്രസ്തുത വിഷയം ഹൈക്കോടതിയുടെ പരിഗണനയിലായതുകൊണ്ടാണ് ഒഴിവുകൾ റിപ്പോർട്ട് ചെയ്യാതിരുന്നത്. |
| എഫ്) | ഇതു സംബന്ധിച്ച കോടതിവിധി നടപ്പിലാക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്നും ഉണ്ടെങ്കിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്നും വിശദമാക്കാമോ; | എഫ്) | ബഹു.ഹൈക്കോടതിയുടെ വിധി പ്രകാരം നിയമനം നടത്തേണ്ടതായ ഒഴിവുകൾ അടുത്ത ഡയറക്ടർ ബോർഡ് യോഗത്തിൽ പരിഗണിച്ച് തുടർ നടപടികൾ കൈക്കൊള്ളുന്നതാണ്. |
| ജി) | ആശ്രിത നിയമനപ്രകാരം എത്ര പേർക്ക് നിയമനം നൽകേണ്ടതായിട്ടുണ്ടെന്നും എത്ര പേർക്ക് നിയമനം നൽകിയിട്ടുണ്ടെന്നും വിശദമാക്കാമോ? | ജി) | പൊതുമേഖലാ സ്ഥാപനമായ പ്ലാന്റേഷൻ കോർപ്പറേഷനിലെ ടാപ്പിംഗ് സൂപ്പർവൈസർ തസ്തികയിലേക്ക് ആശ്രിത നിയമന പ്രകാരം അപേക്ഷകൾ ഒന്നും ലഭിച്ചിട്ടില്ലാത്തതിനാൽ ആർക്കും നിയമനം നൽകിയിട്ടില്ല. |

സെക്ഷൻ ഓഫീസർ